ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. ടി. കെ. അബ്ദു : ഖാദി ബോർഡ് നിർമ്മിച്ചുകൊടുക്കുന്ന പ്ലാൻറുകളും ഡിപ്പാർട്ടുമെൻറുണ്ടാക്കികൊടുക്കുന്ന പ്ലാൻറുകളെക്കാളും മെച്ചമാണെന്നും ലാഭകരമാണെന്നും കേൾക്കുന്നത് ശരിയാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് ശരിയല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി നൽകാനുള്ള ലക്ഷ്യം

* 417. [445] ശ്രീ. പന്തളം സുധാകരൻ :
,, കെ. മുഹമ്മദാലി :
,, ജോസ് കുറ്റിയാനി :
,, കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി നൽകാനുള്ള ലക്ഷ്യം എപ്പോൾ കൈവരിക്കാൻ സാധിക്കുമെന്ന് പറയാമോ ;

(ബി) 30-9-1986 വരെ എത്ര പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു ;

(സി) ശേഷിക്കുന്നവ എത്ര ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ മാത്രമാണ് വിദ്യുച്ഛക്തി ബോർഡ് പ്രത്യേക പരിഗണന നൽകി സ്പെഷ്യൽ കമ്പോണൻറ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഒട്ടാകെ 30-9-1986 വരെ 141 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 30-9-1986 വരെ 9 (ഒമ്പത്) എണ്ണം വൈദ്യുതീകരിച്ചു.

(സി) വിദ്യുച്ഛക്തി ബോർഡിൻറെ പദ്ധതിവിഹിതമനുസരിച്ച് ഈ സാമ്പത്തികവർഷം 16 പട്ടിക വർഗ്ഗ കോളനികൾകൂടി വൈദ്യുതീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച കോളനികൾ മാത്രമാണ് മന്ത്രിയുടെ കണക്കിലുള്ളതെന്ന് പറഞ്ഞു. സംസ്ഥാനത്തുള്ള മുഴുവൻ കോളനികളും എന്നത്തേയ്ക്ക് വൈദ്യുതീകരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് വല്ല ചർച്ചയും പരിശോധനയും നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാൻ മനസ്സുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇലക്ട്രിസിറ്റി ബോർഡിന്റെ കൈയിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ലിസ്റ്റ് ഇല്ല. വർക്കിംഗ് ഗ്രൂപ്പ് ജില്ലാകളക്ടറും അതുപോലെ ട്രൈബൽ വെൽഫയർ ഓഫീസർമാരും ഉൾപ്പെടുന്ന കമ്മിറ്റി ശുപാർശചെയ്യുന്ന കോളനികളിൽ പ്രയോറിറ്റിയനുസരിച്ചും സാമ്പത്തികമായി നീക്കിവച്ചിട്ടുള്ള അലോട്ടുമെന്റനുസരിച്ചുമാണ് വൈദ്യുതീകരിക്കുന്നത്. അതുകൊണ്ട് എത്ര കോളനികളുണ്ടെന്ന് പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗം കിട്ടുന്ന മുറയ്ക്ക് ഈ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കും.

ശ്രീ. ടി. എസ്. ജോൺ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? ഈ വർഷം ടാർജറ്റ് എത്രയാണ്. എത്ര പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കണക്ക് പറയാം. 1980-81-ൽ 234 പട്ടികജാതി കോളനികളും അഞ്ച് പട്ടികവർഗ്ഗകോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. അന്ന് ചെലവാക്കിയത് 46 5 ലക്ഷം രൂപയാണ്. 1981-82-ൽ 196 ലക്ഷം രൂപയാണ് ചെലവായത്. 448 പട്ടികജാതി കോളനികളും 33 പട്ടികവർഗ്ഗകോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. 1982-83-ൽ 134 ലക്ഷം രൂപ ചെലവായി. 284 പട്ടികജാതിക്കാരുടെയും 28 പട്ടികവർഗ്ഗക്കാരുടെയും കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 1983-84-ൽ 128.5 ലക്ഷം രൂപ ചെലവായി. 295 പട്ടികജാതി കോളനികളും 11 പട്ടികവർഗ്ഗകോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. 1984-85-ൽ 175 ലക്ഷം രൂപ ചെലവായി. 290 പട്ടികജാതി കോളനികളും 22 പട്ടികവർഗ്ഗകോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. അങ്ങനെ 1,080 മുതൽ 1,551 പട്ടികജാതി കോളനികളും 99 പട്ടികവർഗ്ഗ കോളനികളും മൊത്തത്തിൽ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇക്കൊല്ലത്തെ പരിപാടിയനുസരിച്ച് 525 പട്ടികജാതി കോളനിയും 25 പട്ടികവർഗ്ഗകോളനിയും വൈദ്യുതീകരിക്കാനാണ് പോകുന്നത്. ഇതിനുവേണ്ടി ഇക്കൊല്ലം അഞ്ചുകോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഞ്ചുകോടി രൂപകൊണ്ട് ഇത്രയും കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വളരെക്കൂടുതൽ കോളനികൾ വൈദ്യുതീകരിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. 525 പട്ടികജാതി കോളനികളും 25 പട്ടികവർഗ്ഗകോളനികളുമാണ് ഈ വർഷത്തെ ടാർജറ്റ്. അത് പൂർത്തിയാക്കാമെന്നതിൽ സംശയമില്ല.

ശ്രീ. എം. കെ. കേശവൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ ഈ രാജ്യത്തെ മുഴുവൻ സ്ഥലവും പട്ടികജാതി-പട്ടികവർഗ്ഗ കോളനികളായിത്തീരും. അദ്ദേഹം പറഞ്ഞ കണക്കൊന്നും ശരിയല്ല. ഇപ്പോഴും പല സ്ഥലത്തും ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന സെറ്റിൽമെന്റ് ഏരിയായിൽ പോലും കറന്റ് എത്തിയിട്ടില്ല. അതിന് കാരണം പറയുന്നത് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന കമ്മിറ്റിക്കാർ ആവശ്യമുള്ള സ്ഥലം നിർദ്ദേശിക്കാത്തതുകൊണ്ടാണ് എന്നാണ്. മുഖ്യമന്ത്രി തന്നെ ഈ കാര്യം ശ്രദ്ധിച്ച് ഹരിജനങ്ങളും ഗിരിജനങ്ങളും താമസിക്കുന്ന പ്രദേശങ്ങളിൽ ഇലക്ട്രിസിറ്റി എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അദ്ദേഹം പറഞ്ഞതിനെപ്പറ്റി അഭിപ്രായം പറയാൻ ഞാൻ ആളല്ല. ഈ പ്ലാൻ അനുസരിച്ച് ട്രൈബൽ ആൻഡ് സബ്പ്ലാനും വർക്കിംഗ് ഗ്രൂപ്പിന്റെ പ്ലാനും അനുസരിച്ചേ ഇലക്ട്രിസിറ്റി ബോർഡിന് ചെയ്യാൻ കഴിയൂ. എവിടെയാണ് ഹരിജനങ്ങളെന്ന് ഐഡൻറിഫൈ ചെയ്യാനുള്ള അധികാരം അവർക്കാണ്, ഇലക്ട്രിസിറ്റി ബോർഡിനല്ല. അവർ ഐഡൻറിഫൈ ചെയ്യുന്ന സ്ഥലത്തല്ലാതെ സ്പെഷ്യൽ കമ്പോണൻറ് പ്രോഗ്രാമനുസരിച്ചുള്ള പണം ചെലവഴിക്കാൻ ഇലക്ട്രിസിറ്റി ബോർഡിനെ സംസ്ഥാനഗവൺമെൻറോ കേന്ദ്രഗവൺമെൻറോ അനുവദിച്ചിട്ടില്ല. സ്ഥലം തെരഞ്ഞെടുക്കുന്നതിൽ തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിന് അതിൽ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. എ. ജോർജ് : കൊല്ലം ജില്ലയിലെ വർക്കിംഗ് ഗ്രൂപ്പ് 1984-85-ൽ ഫസ്റ്റ് പ്രയോറിട്ടി കൊടുത്ത മാമ്പഴത്തറ ഗിരിജൻ കോളനിയിലേക്ക് വൈദ്യുതീകരണം ഇതുവരെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ, അത് ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഗിരിജൻ കോളനികളിൽ വൈദ്യുതീകരിക്കുന്നതിന് ഫോറസ്റ്റ് ക്ലിയറൻസ് ആകുന്നതാണ് ഇപ്പോഴത്തെ ഒരു ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുന്നത്. വനസംരക്ഷണ നിയമത്തിന്റെ ബുദ്ധിമുട്ടുമൂലം ഗിരിജൻ കോളനികളിൽ ലൈറ്റ് എത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. ഉദാഹരണത്തിന് ഏറ്റവും കൂടുതൽ ഗിരിജനങ്ങളും ഉള്ളത് കൽപ്പറ്റയിലാണ്. അവിടെയൊക്കെ ഇലക്ട്രിസിറ്റി എത്തിക്കാൻ കഴിയുന്നത് 11 കോളനികളിൽ മാത്രമാണ്. അത് ഇക്കൊല്ലം എത്തിക്കുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്, ബാക്കിയുള്ള സ്ഥലത്തൊക്കെ വനസംരക്ഷണ നിയമംമൂലം മരം മുറിച്ച് മാറ്റാൻ കഴിയുന്നില്ല. ഇലക്ട്രിസിറ്റി ബോർഡ് മുറിക്കുന്ന ഓരോ മരത്തിനും പകരം പത്ത് മരം വച്ചുപിടിപ്പിച്ചാൽ മാത്രമേ മുറിയ്ക്കാവൂ എന്നാണ് ഗവൺമെൻറ് ഓഫ് ഇൻഡ്യയോട് ആവശ്യപ്പെടുമ്പോഴും പറയുന്നത്. അങ്ങനെ മരം വച്ചുപിടിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല എന്നുള്ളതുകൊണ്ട് ട്രൈബൽ കോളനികളുടെ കാര്യത്തിൽ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

ശ്രീ. എം. വി. രാഘവൻ : പട്ടികജാതി-പട്ടികവർഗ്ഗ ഹരിജൻ കോളനികളിലെല്ലാം ഇലക്ട്രിസിറ്റി കൊടുക്കുമ്പോഴും നേവൽ അക്കാഡമിക്കു വേണ്ടി ഒഴിപ്പിക്കപ്പെട്ട പ്രദേശത്തുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കോളനികളിലും ഇലക്ട്രിസിറ്റി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ? അവർക്ക് വേറെ കൊടുക്കാമെന്നു പറഞ്ഞിട്ട് കൊടുത്തില്ല. ഈ കെയർഓഫിൽ എങ്കിലും കൊടുക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ പറഞ്ഞ പ്രദേശം വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശമനുസരിച്ച് കമ്മിറ്റി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ തീർച്ചയായും അവർക്ക് പ്രയോറിട്ടി കൊടുക്കാൻ വേണ്ടി ഏർപ്പാട് ചെയ്യാം.

ശ്രീ. എ. സി. ജോസ് : പട്ടികജാതി-പട്ടികവർഗ്ഗ കോളനികളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും ചുരുക്കമാണ്. ഹരിജനങ്ങളും ഗിരിജനങ്ങളും തിങ്ങിത്താമസിക്കുന്ന ഹരിജൻ ഹാബിറ്റാറ്റ് എന്നു പറഞ്ഞ് പുതിയ പേര് കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി എത്തിക്കാനുള്ള നടപടികളും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അത് ഉൾപ്പെടെയാണ്. കോളനികളായി ഡിക്ലെയർ ചെയ്തത്, ഹരിജൻ ഫാബിറ്റാറ്റസ് ഹരിജൻ സെറ്റിൽമെൻറ് ഇങ്ങനെയുള്ള സ്ഥലങ്ങൾ ഉൾപ്പെടെയാണ് ലിസ്റ്റ് ലഭിക്കുന്നത്. അല്ലാതെ ഹരിജൻ കോളനികൾ മാത്രമല്ല. ഹരിജനങ്ങൾ തിങ്ങിത്താമസിക്കുന്നതും ഹരിജനങ്ങൾക്ക് പ്രയോജനപ്രദവുമായ സ്ഥലങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, അങ്ങനെയുള്ള സ്ഥലങ്ങളിലും കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ടി. കുമാരൻ : ഇക്കൊല്ലം പട്ടികജാതിക്കാരുടെ കോളനികളിൽ 25 എണ്ണവും പട്ടികവർഗ്ഗക്കാരുടെ കോളനികളിൽ 14 എണ്ണത്തിലും വൈദ്യുതി എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. അത് ഏതെല്ലാം ജില്ലയിലാണ്, ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 1986 ജനുവരി മാസം വരെയുള്ള കണക്കാണ്. ഇത് വളരെ വലുതാണ്. ബഹുമാനപ്പെട്ട മെമ്പർ വന്നാൽ കാണിച്ചുകൊടുക്കാം. 41 എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ അതിർത്തിയിലുള്ളത് വായിക്കണം. 525 പട്ടികജാതി കോളനികളിലും 50 പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിക്കാനാണ് ടാർജറ്റ്.

ശ്രീ. കെ. ടി. കുമാരൻ : ഈ വർഷം ചെയ്യാൻ പോകുന്നത് മാത്രം പറഞ്ഞാൽ മതി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 1986 സെപ്റ്റംബർ 30 വരെ 141 പട്ടികവർഗ്ഗ കോളനികൾ ഈ സംസ്ഥാനത്ത് വൈദ്യുതീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ജി. കുമാരൻ : ഈ വർഷം ചെയ്യാൻ പോകുന്ന കോളനികളുടെ പേര് ജില്ലതിരിച്ച് പറയണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 550 പേരുകൾ ഞാൻ എങ്ങനെ വായിക്കും.

മി. സ്പീക്കർ : മേശപ്പുറത്തു വച്ചാൽ മതി.

ശ്രീ. കെ. ചന്ദ്രശേഖരൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഔപചാരികമായിട്ടുള്ള കോളനികൾ മാത്രമല്ല, ഹരിജനങ്ങൾ തിങ്ങിത്താമസിക്കുന്ന കോളനികളും വൈദ്യുതി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന്. അങ്ങനെയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നിരവധി ലക്ഷം വീട് കോളനികളുണ്ട്. അവിടെ വളരെയധികം ഹരിജനങ്ങൾ തിങ്ങിത്താമസിക്കുന്നുണ്ട്. അവർക്ക് വൈദ്യുതി ഒന്നുരണ്ട് കൊല്ലം മുൻപേ കൊടുക്കാൻ തീരുമാനിച്ചിരിക്കെ ഇന്നും നിരവധി ലക്ഷംവീടു കോളനികളിലും ഇലക്ട്രിസിറ്റി വന്നിട്ടില്ല. അത് കണക്കിലെടുത്ത്, മരം വച്ചുപിടിക്കുന്നതിനേക്കാൾ ആവശ്യം ഇല്ലെന്നത് കണക്കിലെടുത്തു അടിയന്തിരമായി അവിടെ ഇലക്ട്രിസിറ്റി കൊടുക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മരം ട്രൈബൽ കോളനികളെ സംബന്ധിച്ചാണ് അദ്ദേഹം പറഞ്ഞത് ; ലക്ഷംവീട് കോളനികളല്ല. ആ കാര്യം ടേക്കപ്പ് ചെയ്തിട്ടുണ്ട്. ഞാൻ ആദ്യമേ പറഞ്ഞു ഇത് ചെയ്യണമെങ്കിൽ ഡിസ്ട്രിക്ട് കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ ലിസ്റ്റിൽ പെട്ടാൽ മാത്രമേ കഴിയൂ. ലക്ഷംവീട് കോളനിയാണ് ലിസ്റ്റിൽ പെട്ടതെങ്കിൽ അത് ഹരിജൻ കോളനിയാണോ എന്ന് ഇലക്ട്രിസിറ്റി ബോർഡ് അന്വേഷിക്കാറില്ല. ലിസ്റ്റിൽ പെടുന്നത് പ്രയോറിറ്റി അനുസരിച്ച്. തീർക്കുകയെന്നുള്ളതാണ് നയം. ലക്ഷംവീടും ഉൾപ്പെടുമെങ്കിൽ തീർച്ചയായും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly